മരിച്ചു മറയുന്ന ഒരു കായൽ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

പ്രകൃതിപരിസ്ഥിതിയിലെ സംതുലനാവസ്ഥയ്ക്ക് തകരാറുണ്ടാകുന്ന വിധം വികസനപദ്ധതികൾ നടപ്പിലാക്കിയാൽ സംഭവിക്കുന്ന ഉഗ്രമായ പ്രതിസന്ധികൾ എത്രമാത്രമെന്ന് എടുത്തുകാണിക്കുന്ന ഉദാഹരണങ്ങൾ ഇന്നു ധാരാളമുണ്ട്. അവയിൽ ഏറ്റവും കടുത്ത ഒന്നാണിവിടെ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നത്. ഏതൊരു വൻകിട പദ്ധതി പ്രായോഗികമാക്കുമ്പോഴും, അതിനു കച്ചകെട്ടിയിറങ്ങുന്നവർക്ക് ഏകപക്ഷീയമായ ധാരണകളായിരിക്കും ഏറെയുള്ളത്. വിപരീത ചിന്തകൾ വേണ്ടവിധത്തിൽ പരിഗണിക്കാൻ പല കാരണങ്ങളാൽ അവർക്ക് സാധിച്ചെന്ന് വരികയില്ല. അങ്ങിനെയുള്ള അവസ്ഥയുളവാക്കിയ ഒരത്യാഹിത മാണ് മദ്ധ്യഏഷ്യൻ പ്രേദേശത്തുള്ള ആരാൽ കായൽ (Aral sea) നേരിട്ടിട്ടുള്ളത്. ആ ജലാശയം മരിച്ചുകിടക്കുന്നു; സ്വാഭാവികമായ മരണമല; ഒരു കൊലപാതകം തന്നെ. വികസനപദ്ധതികളിലൂടെ അധികാരികൾ അതിനെ കൊന്നതാണ്.

മരിച്ച ജലാശയങ്ങളിൽ ഏറെ പ്രസിദ്ധിനേടിയിട്ടുള്ളത് ഇസ്രായേലിനും ജോർദ്ദാനുമിടക്കു സ്ഥിതിചെയ്യുന്ന ചാവുകടലാണ്. സമുദ്രനിരപ്പിൽ നിന്ന് 1296 അടിയോളം താണുസ്ഥിതിചെയ്യുന്ന ഈ ജലാശയത്തിന് നാല്പത്തേഴ് മൈൽ നീളവും ഒമ്പത് മൈൽ വീതിയും വരും. ജലാശയത്തിൽ ജീവജാതികളൊന്നുമില്ല. മണൽ മൈതാനങ്ങളും കുമ്മായക്കുന്നുകളുടെ അടിയോരങ്ങളുമാണ് അതിന്റെ അതിർത്തികൾ. ജീവജാലരഹിതമായി അതു പരിണമിച്ചത് പ്രകൃതിപ്രതിഭാസങ്ങളാലാണ്. എന്നാൽ മനുഷ്യന്റെ വിവേകമില്ലാത്ത കൈ കടത്തലുകാരണം മരിക്കേണ്ടിവന്ന കായലാണ് ആരാൽ കായൽ; അഥവാ മനുഷ്യൻ കൊലചെയ്ത ഒരു ജലാശയം!

തകർന്നു ചിന്നിച്ചിതറുന്നതിന്നു മുൻപ് സോവിയറ്റു സോഷ്യലിസ്റ്റു സാമ്രാജ്യത്തിന്റെ പരിധിയിലായിരുന്നു അതിന്റെ സ്ഥാനം. ലോകത്തെ ഏറ്റവും വിസ്തൃതിയുള്ള കായലുകളുടെ പട്ടികയിൽ നാലാമത്തേതായ ഒരു ലവണോദം. ഉപ്പുവെള്ളമുള്ള ഈ ഉൾനാടൻ ജലാശയം കസാഖ്സ്ഥാൻ, ഉസ്ബെക്കിസ്ഥാൻ എന്നീ സ്വതന്ത്ര റിപ്പബ്ലിക്കുകളുടെ അതിർത്തിയിൽ, രണ്ടു രാജ്യങ്ങളുടെ പ്രദേശപരിധിയിൽ പപ്പാതിയോളം പെടുന്ന വിധത്തിൽ, ഇന്നു സ്ഥിതിചെയ്യുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഏതാണ്ട് 25,000 ചതുരശ്രമൈൽ വിസ്തീർണ്ണമുണ്ടായിരുന്നു. ഇന്ന് അതിന്റെ നാലിലൊന്നുപോലുമില!

മനുഷ്യന്റെ മന:പൂർവ്വമുള്ള നടപടികൾ കൊണ്ടാണ് അതിന് ക്ഷയമുണ്ടായത്. പഴയ, ചിന്നിച്ചിതറിയ, സോവിയറ്റുയൂണിയനിലെ ചെർണോബിലും (ഇന്നത് സ്വതന്ത്ര ഉക്രെയിനിലാണ്). അമേരിക്കൻ ഐക്യനാടുകളിലെ ലോംഗ് അയലണ്ടിലും സംഭവിച്ച ആണവാത്യാഹിതങ്ങൾക്കു തുല്യമെന്ന് പറയാവുന്ന ഒന്നാണ് ആരാൽ കായലിന്റെ കഥദനകഥയിലും കേൾക്കാവുന്നത്. സമ്പന്ന രാജ്യങ്ങളുടെ സഹായഹസ്തം നീണ്ടാൽ ഒരുപക്ഷെ അതിന് നവജീവൻ നൽകാൻ സാധ്യത വന്നേക്കാമെന്ന് ചിലർ പ്രതീക്ഷിക്കുന്നുണ്ട്. എന്നാൽ ഇതിനുവേണ്ടി വാദിക്കാൻ മാദ്ധ്യമമുതലാളിമാർക്ക് താല്പര്യമില്ല. കൊലപാതകം, കൊള്ളിവെയ്പ്പ്, കലഹം, ലൈംഗികാപവാദം തുടങ്ങിയവയ്ക്കാണല്ലോ മാദ്ധ്യമങ്ങൾക്ക് ദാഹം.

മദ്ധ്യഏഷ്യൻ മേഘലയുടെ ചരിത്രത്തിൽ പ്രാചീനകാലംമുതൽ പ്രമാണ്യം നേടിയിട്ടുണ്ട് ആരാൽ കായൽ. ബലപ്രയോഗങ്ങളും സമ്മർദ്ദമുറകളും വഴി കമ്മ്യൂണിസം സ്ഥാപിക്കാമെന്നുൽഘോഷിക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ മൗലികവാദികൾ, നടപ്പിലാക്കിയ വികസനപദ്ധതികളാണ്, ആ കായൽ കൊന്നതും ചാവുകടലാക്കിയതും എന്ന വസ്തുത മറക്കത്തക്കതല്ല. പ്രകൃതി പരിസ്ഥിതിക്ക് ഹേമമേൽപിക്കുന്ന വിധം "വികസനം" നടപ്പിലാക്കിയാൽ നേരിടേണ്ടിവരുന്ന ഭവിഷ്യത്തു കളുടെ ഒരിതിഹാസമായി തീർന്നിരിക്കുന്ന കായലിന്റെ കദനകഥ! പദ്ധതിവിജയത്തെക്കുറിച്ച് വാചാലമായി വിവരിക്കുന്ന അനവധി ലഘുലേഖകളും ആധികാരിക റിപ്പോർട്ടുകളും കമ്മ്യൂണിസ്റ്റധികാരികൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്നാൽ

അത്യാപത്തിന്റെ മുഖത്തെക്കുറിച്ച് അവർ മിണ്ടിയിട്ടേയില്ല! സോവിയറ്റുയൂണിയൻ തവിടുപൊടിയായശേഷം, പലരും പല നിലകളിൽ ആ പ്രദേശങ്ങളിൽ സഞ്ചരിച്ചു സമാഹരിച്ച സത്യസ്ഥിതിവിവരങ്ങൾ കൂട്ടിച്ചേർക്കുമ്പോൾ, ആരാൽ കായലിനു സംഭവിച്ച അത്യാഹിതത്തിന്റെ ആഴവും വ്യാപ്തിയും പ്രത്യക്ഷമാകുന്നു! സോവിയറ്റുയൂണിയൻ നിലനിന്നകാലത്ത് അവിടം സന്ദർശിക്കാൻപോലും ആർക്കും അനുവാദം നല്കിയിട്ടില്ല. പില്ക്കാലത്തു അതിനുസാധിച്ച ആദ്യത്തെയാളുകളാണ് അത്യാഹിതത്തെപറ്റി ആദ്യമായിപറഞ്ഞത്; ലോകരെ അറിയിച്ചത്. അതിനെ മുഖ്യമായി ആശ്രയിച്ചാണ് ഇവിടെകാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത * (* **National Geographic, Vol 177 No:20, February 1990.)** വിദഗ്ദൻമാർ ആധികാരികമായിട്ടംഗീകരിക്കുന്ന ഒരു മാസികയിലാണ് ആദ്യവിവരങ്ങൾ വന്നിട്ടുള്ളതും.

1918-ൽ ആരംഭിച്ച്, നിർബ്ബന്ധമായി നടപ്പാക്കിത്തുടങ്ങിയ സർക്കാർ പദ്ധതി കളോടുകൂടിയാണ് പ്രശ്നങ്ങളുടെ തുടക്കം. പ്രകൃതി പ്രതികരിച്ചു നല്കിയ മുന്നറിയിപ്പുകളും ജീവജാതികളുടെ ദീനരോദനങ്ങളും പ്രത്യയശാസ്ത്ര വൈതാളികന്മാർ മന:പൂർവ്വം വിഗണിച്ചു. സ്വാനുഭവങ്ങളിലൂടെ അപകടങ്ങൾ അറിഞ്ഞ അവിടത്തുകാർക്ക് ചുണ്ടനക്കാനുള്ള സ്വാതന്ത്ര്യം പോലുമനുവദിച്ചിരുന്നില്ല. ജനാധിപത്യത്തിൽ അല്പമെങ്കിലും വിശ്വസിച്ചിരുന്ന ഗോർബചേവിന്റെ ഭരണകാലത്തുപ്രസരിച്ച നാട്ടുവെളിച്ചത്തിൽ, കാണാൻ തുടങ്ങിയ അത്യാഹിതത്തിന്റെ രൂപരേഖകൾപോലും, അധികാരികളും പ്രത്യയശാസ്ത്രപ്രവീണരും തള്ളിക്കളയുകയാണ് ചെയ്തത്. വികസനപദ്ധതികളിലൂടെ അവിടം കുതിച്ചുനീങ്ങുകയാണെന്നായിരുന്നു നിയന്ത്രിതമാദ്ധ്യമാധികാരികൾ അനുദിനം അറിയിച്ചിരുന്നതും! എങ്കിലും എല്ലാം ഭദ്രമെന്ന സത്യം എത്രയാവർത്തിച്ചിട്ടും ഒതുങ്ങാത്ത നിലയിലെത്തി. ആരാൽ കായൽ മരണത്തിലേക്ക് നീങ്ങുകയാണെന്ന സത്യം അപ്പോഴാണ് ലോകം ആദ്യമായി കേട്ടത്!

ഇതുപോലെയുള്ള എത്രയെത്ര സംഭവങ്ങളുണ്ട്, മുമ്പ് കമ്മ്യൂണിസ്റ്റു പ്രത്യയശാസ്ത്രത്തിൽ പിടിച്ച് ആണയിട്ടുകൊണ്ടിരുന്ന കിഴക്കൻ ജർമ്മനി, പോളണ്ട്, ചെക്കോസ്ലാവേക്യ, റൂമേനിയ, ഹങ്കറി തുടങ്ങിയ രാജ്യങ്ങളിൽ! അവിടങ്ങളിലെ പുതിയ ഭരണാധികാരികൾ ഇന്നു നേരിടുന്ന ഏറ്റവും കടുത്ത പ്രശ്നം, ഇത്തരം പരിസ്ഥിതിയത്യാഹിതങ്ങൾക്ക് എപ്രകാരം പരിഹാരം ചെയ്യാനൊക്കുമെന്നതാണ്! ആരാൽ കായലിനെ ചുറ്റിപ്പറ്റിയുണ്ടായതും, അതുപോലെ മറ്റുകമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലുണ്ടായിട്ടുള്ളതുമായ, എണ്ണമില്ലാത്ത പരിസ്ഥിതിയത്യാഹിതങ്ങളുടെ ഉഗ്രരൂപം ലോകർ പൂർണ്ണമായി കണ്ടുതുടങ്ങിയത് സോവിയറ്റുയൂണിയൻ തകർന്നതിനു ശേഷമാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആരാൽ കായലിൽ, ഇരുപതു തനതു ജാതി മത്സ്യങ്ങളും നൂറ്റുകണക്കിന് അന്യ ജല ജീവജാലങ്ങളുമുണ്ടായിരുന്നു. അന്യസ്ഥലങ്ങളിൽ നിന്ന് അവിടേക്കു കുടിയേറിയവ വേറെയും. ഇന്ന് സങ്കോചിച്ച് അവശേഷിച്ചിട്ടുള്ള കായലിന്റെ ജലവിസ്തൃതിയിൽ മത്സ്യമോ മറ്റുജീവജാലമോ ഇല്ലാതായി. അവിടം ഒരു ചാവുകടൽ തന്നെ. മത്സ്യബന്ധനത്തിനും മത്സ്യസംസ്കരണ വ്യവസായങ്ങൾക്കും പേരുകേട്ട ഒരു തുറമുഖ മുണ്ടായിരുന്നു; പഴയ ആരാൽ കടൽതീരത്ത് മുയ്നാക്(**Muynak**) എന്നാണ് ആ ചെറുപട്ടണ ത്തിന്റെ പേര്. ഇന്ന് അതു സ്ഥിതിചെയ്യുന്നത്, വെള്ളം ഇറങ്ങിമാറിയതിനാൽ, വറ്റിതീർന്ന, കായലിലെ ഓളം ഒരുതരത്തിലുമെത്താൻ വഴിയില്ലാത്ത, പത്തുകിലോമീറ്റർ ഉള്ളിലത്രേ! വെള്ളമൊഴിഞ്ഞുപോയ പ്രദേശം മണൽപ്രദേശ മാണ്. മുൻപ് മീൻപിടിക്കാൻ ഉപയോഗിച്ചിരുന്ന ബോട്ടുകളിൽ പലതും മണ്ണിലുറച്ച്, അവിടവിടെ തുരുമ്പരിച്ച് കിടപ്പുണ്ട്. ആകെ അവിടെയെങ്ങും സ്മശാന മൂകതയാണ്.

ഒരു കണക്കുപ്രകാരം, ആണ്ടുതോറും 43 ദശലക്ഷം ടൺ ഉപ്പുതരി വരണ്ടുകിടക്കുന്ന കായൽ തട്ടിൽ നിന്നു കാറ്റടിച്ചുയർത്തിക്കൊണ്ടു പോകുന്നുണ്ട്. അവിടെനിന്ന് ഉപ്പുതരികൾ ഉത്തരധ്രുവമേഖലവരെ എത്തുന്നുണ്ടെന്നാണ് കണ്ടിരിക്കുന്നത്. കഠിനശൈത്യവും ഉഗ്രമായ ഉഷ്ണവും ഈ കായൽ പ്രദേശങ്ങളിൽ സാധാരണമായിത്തീർന്നിരിക്കുന്നു. ഭൂഗർഭജല വിതാനം പതിച്ച് കുഴൽകിണറുകളിൽ പ്പോലും കുടിവെള്ളമില്ലാതായി. അത്യാഹിതങ്ങൾ ഒരു സ്ഥലത്തുണ്ടാകുന്നത്, സ്വന്തമായുഷ്കാലത്തു തന്നെ കാണാനും അനുഭവിക്കാനുമിടയായിട്ടുള്ള ഹതഭാഗ്യരാണവിടെയധികമുള്ളത്. ആരാൽ കടലോരത്തുള്ള ഒരു ഗ്രാമത്തിൽ മുമ്പ് അയ്യായിരം കുടുംബങ്ങളുണ്ടായിരുന്നു. ഇന്ന് അവിടെ അവശേ ഷിച്ചിരിക്കുന്നത് കഷ്ടിച്ച് ഇരുന്നൂറോളം മാത്രം!

മത്സ്യബന്ധനവും, സംസ്കരണ വ്യവസായവും അനുബന്ധപ്രവർത്തനങ്ങളും പണ്ടുകാലത്ത് അവിടത്തെ 60,000 ആളുകർക്ക് ഉപജീവന മാർഗ്ഗങ്ങളുരുളിയിരുന്നു. 1990-ൽ അത്തരം പണികളിലുണ്ടായിരുന്നത് കഷ്ടിച്ച് 900 പേർ മാത്രമാണ്. സോവിയറ്റുയൂണിയന്റെ അവസാന കാലത്ത്, ആരാൽ പ്രദേശത്തെ മത്സ്യസംസ്കരണ സങ്കേതങ്ങൾ അടയ്ക്കാതിരിക്കാൻ 1750 മൈൽ അകലെയുള്ള ബെറിംഗ് കടലിൽ നിന്നാണ് മീൻ എത്തിച്ചിരുന്നത്! സോവിയറ്റ് യൂണിയൻ തകർന്നപ്പോൾ അതും നിലച്ചു. റഷ്യ, കസാക്കിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ എന്നീ മൂന്നു സ്വതന്ത്ര രാജ്യങ്ങൾ സന്മനസ്സോടെ കഴിഞ്ഞു കൂടിയാൽ മാത്രമേ ഇനി എന്തെങ്കിലും ചെയ്യാൻ പറ്റൂ.

തൊഴിൽസാധ്യതകൾ ഇല്ലാതായതു മാത്രമല്ല പുതിയസാഹചര്യത്തിന്റെ പ്രയാസങ്ങൾ കാറ്റ് ഊതിയടിച്ചുയർത്തുന്ന ധൂളിപടലങ്ങളിൽ മണൽത്തരികൾ മാത്രമല്ല ഉപ്പുപരലുകളും ധാരാളമുണ്ട്. ആളുകളുടെ ഉള്ളിൽ കടന്ന്, ശ്വാസകോശം, തൊണ്ട, ചെവി, ശ്വാസക്കുഴൽ തുടങ്ങിയ ഭാഗങ്ങളിൽ പലതരം ദീനം അവ ഉണ്ടാക്കുന്നു. അർബ്ബുദത്തിനും കാരണമാകാറുണ്ടത്രേ!

ആരാൽ കായലിലെ ജലവിതാനം നിലനിർത്തിപോന്നതും നവീകരിച്ചുകൊണ്ടിരുന്നതും അതിൽ പതിച്ചിരുന്ന നദികളാണ്. അവയിലധികവും, തോടുകളുണ്ടക്കി പുതിയ മേഖലകളിലേക്ക് തെളിച്ചുവിട്ടപ്പോൾ, ആരാൽ കായലിന് നിലനില്പ് സാധിക്കാതെയായി. മദ്ധ്യേഷ്യൻ മരുപ്രദേശങ്ങളിലേക്ക് തോടുകളിലൂടെ ജീവജലമെത്തിയപ്പോൾ, ആദ്യദേശങ്ങളിൽ പരുത്തിയും മറ്റുവിളകളും വർദ്ധിച്ചു. എന്നാൽ അവയൊക്കെ നിലനിർത്താൻ ക്രമാതീതമായി രാസവളങ്ങളും കീടനാശിനികളും പ്രയോഗിക്കേണ്ടിവന്നു. അതു കാരണം, കീട-കളനാശിനികളുടെ തോത് ജലത്തിലും വിപുലമായി അന്തർസലീല മേഖലകളും ക്രമേണ അശുദ്ധമായെന്ന് പറയാം. മുമ്പ് അനുഭവിച്ചിട്ടില്ലാത്തതും പ്രതീക്ഷിക്കാത്തതുമായ ആരോഗ്യപ്രശ്നങ്ങൾ രൂപം കൊണ്ടു. തള്ളമാരുടെ മുലപ്പാലിൽ പോലും കീട-കളനാശിനികളുടെ അംശങ്ങൾ കടന്നുകൂടിയെന്നു പറയുമ്പോൾ ഇവയുടെ വ്യാപ്തി എത്രത്തോളമായെന്ന് ഊഹിക്കാം. അമ്മമാർ കുഞ്ഞുങ്ങളെ പാലൂട്ടുന്നതു പോലും ഒഴിവാക്കണമെന്ന് വൈദ്യശാസ്ത്രവിശാരദന്മാർ ഉപദേശിച്ചുതുടങ്ങി!

ആരാൽ കായലിലെ ജലസമ്പത്ത് നിലനിർത്തുകയും നവീകരിക്കുകയും ചെയ്തിരുന്നത് അമുവും(Amu) സൈറും(Syr) ദാനം ചെയ്ത ജീവജലമായിരുന്നു. മദ്ധ്യഏഷ്യയിലെ ഏറ്റവും നീളം കൂടിയ നദികളാണവ. ഓക്സസ്(Oxus) ജാക്സാർട്ടീസ്(Jaxartes) എന്ന പേരുകളിലാണ് മുമ്പ് അവ അറിയപ്പെട്ടിരുന്നത്. പാമീർ, ടിയാൻഷാൻ പർവ്വതമേഖലകളിൽ ഉത്ഭവിച്ച്, മദ്ധ്യേഷ്യയിലെ ഊഷരപ്രദേശങ്ങൾക്ക് ഉയിരേകി തെക്കോട്ടൊ ഴുകിയാണ് ഒടുവിൽ അവ ആരാൽ കായലിൽ ചെന്നെത്തിയത്. 850മൈൽ നീളമുള്ള കാരകും(KaraKum) തോട് 1954-ൽ വെട്ടിത്തുടങ്ങിയപ്പോൾ, പ്രകൃതിയുടെ ജലസേചന-വിതാന-സംവിധാനങ്ങൾ താറുമാറായി. സോവിയറ്റു യൂണിയനിലെ കമ്മ്യൂണിസ്റ്റുകാരും അവരുടെ വൈതാളിക രായാസങ്കേതികജ്ഞരും പ്രതീക്ഷിച്ചതും പ്രഖ്യാപിച്ചതും ഊഷരഭൂമികളാകെ വിളഭൂമികളായി ത്തീരുമെന്നാണ്. എന്നാൽ അവിടങ്ങളിലേക്ക് നദികളിലെ ജലം ഒഴുകിയപ്പോൾ, ആരാൽ തടാകത്തിന് നഷ്ടമായത് ആത്മാവാണ്. ജലവിതാനം താണു. നിരന്തരനവീകരണം അസ്തമിച്ചു. ക്രമേണ മരണത്തിലേക്ക് യാത്രയാരംഭിച്ചു.!

അമു(Amu) സൈർ(Syr) നദികളിലെ ജലം ലോകത്തെ ഏറ്റവും ദൈർഘ്യമവകാശപ്പെടുന്ന തോടുകളിലൂടെ 1956-മുതൽ പ്രവഹിച്ചു തുടങ്ങി. ആദ്യമാദ്യം കൃഷിവിത്തുകളുടെ തോതു വർദ്ധിച്ചെങ്കിലും, പിന്നെ ക്ഷയിക്കാനംരാഭിച്ചു. വിഭവങ്ങളുടെ കണക്കുവർദ്ധിപ്പിക്കാൻ കള്ളക്കണക്ക് ചമയ്ക്കുന്നതു പതിവായി. ഉല്പാദിപ്പിക്കപ്പെട്ടിട്ടില്ലാത്ത വിഭവങ്ങളുടെ പേരിൽ ഉണ്ടായിട്ടുള്ള കള്ളക്കളികളിൽ പല കമ്മ്യൂണിസ്റ്റുനേതാക്കന്മാരേയും സമ്പന്നരാക്കി. അവർ അധികവും അവിഹിത സമ്പാദ്യങ്ങളുടെ ഉടമകളുമായി! അവരിൽ പ്രമുഖൻ അന്നത്തെ സോവിയറ്റു യൂണിയൻ വാണിരുന്ന ബ്രേഷ്നേവിന്റെ പുത്രിയുടെ ഭർത്താവ് യൂറി എം. ചുർബനേവാണ്! അന്നത്തെ മന്ത്രി സംഘത്തിലെ ഒരംഗം! ഒരു ദശലക്ഷത്തോളം ഡോളർ മതിപ്പുള്ള സമ്പാദ്യത്തിന്റെ ഉടമയായി തീർന്നത്രേ ഇയാൾ!

Konniyoor R. Narendranath **Ph: 436 908**
13, Gangotri, Ambalanagan
Trivandrum - 3